LIBRARY ARCHIVES Kerala Legislative Assembly

കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവ്

72 (4107) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഇവിടെ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ ആകെ 15,35,34,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

വർഷം	പദ്ധതി തുക
2011-12	3,06,20,000
2012-13	3,51,74,000
2013-14	4,07,60,000
2014-15	4,69,80,000

(ബി) കഴിഞ്ഞ നാല് വർഷത്തിൽ കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

വിവിധ പുരസ്കാരങ്ങൾക്ക് ശിപാർശ ചെയ്യാൻ നടപടി

73 (4108) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര പേർക്ക് പത്മപുരസ്കാരം ഉൾപ്പെടെ മറ്റു പുരസ്കാരങ്ങൾക്ക് ശിപാർശ ചെയ്തിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവരിൽ ഓരോ വർഷവും പത്മപുരസ്കാരവും മറ്റു പുരസ്കാരങ്ങളും ലഭിച്ചവർ ആരെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം പുരസ്കാരങ്ങൾ ലഭിക്കാനായി സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും മാനദണ്ഡങ്ങളുണ്ടെങ്കിലും ആയതിലേക്ക് സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച പരാതികൾ എത്രയാണ് ; പരാതിക്കാർ ആരെല്ലാമാണ് ; സർക്കാർ ഇതിന്മേൽ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രനിർദ്ദേശങ്ങൾ പാലിക്കാതെ ഇത്തരം പുരസ്കാരങ്ങൾക്ക് വ്യക്തികളെ പരിഗണിക്കുന്നതു സംബന്ധിച്ച് സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര പരാതികളാണ് ലഭിച്ചത് ; എന്തു നടപടി സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ വ്യക്തികളെ തെരഞ്ഞെടുക്കാൻ നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി തീരുമാനങ്ങൾക്ക് കാബിനറ്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഇത്തരം തീരുമാനങ്ങൾ കാബിനറ്റും/ഉപസമിതിയും എടുത്ത ശേഷം നിയമസഭയുടെ അംഗീകാരം വാങ്ങുന്നതിന് സ്വീകരിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ ; അതുവഴി പ്രസ്തുത പ്രവർത്തനം കുറ്റമറ്റതും സുതാര്യവുമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ;

(ജി) ഇത്തരം പുരസ്കാരങ്ങൾക്ക് നിശ്ചയിക്കപ്പെടുന്നവരെ തെരഞ്ഞെടുക്കാൻ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സ്വീകരിച്ച പ്രവർത്തനങ്ങളും മാനദണ്ഡങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പത്മ പുരസ്കാരങ്ങൾക്ക് ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

2012-45

2013-46

2014-26

2015-33

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്മ പുരസ്കാരങ്ങൾ ലഭിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

2012-(i) ശ്രീ. സോമൻ നായർ പ്രിയദർശൻ,

(ii) ഡോ. ജെ. ഹരീന്ദ്രൻ നായർ

2013- ശ്രീ. പി. മാധവൻ നായർ (മധു)

2015- ഡോ.കെ.പി. ഹരിദാസ്

(സി-ഡി) സംസ്ഥാന സർക്കാർ ഇതിലേക്കായി മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾപ്രകാരമാണ് പത്മപുരസ്കാരങ്ങൾക്കുള്ള ശിപാർശ പട്ടിക തയ്യാറാക്കുന്നത് (കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പത്മ പുരസ്കാരങ്ങൾ അവാർഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട്സ് ആന്റ് റൂൾസ് അനുബന്ധമായി ചേർക്കുന്നു.)* കേന്ദ്രനിർദ്ദേശങ്ങൾ പാലിക്കാതെ പത്മപുരസ്കാരങ്ങൾക്ക് വ്യക്തികളെ പരിഗണിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2013-ൽ പത്മ പുരസ്കാരത്തിന് ശിപാർശ ചെയ്തവരുടെ ലിസ്റ്റിൽ 2008-ൽ പത്മശ്രീ ലഭിച്ച പ്രൊഫ. ലീലാവതിയുടെ പേര് ശിപാർശ ചെയ്യാനിടയായ സാഹചര്യം സർക്കാർ പരിശോധിക്കുകയും ഇപ്രകാരമുള്ള പിശകുകൾ തുടർന്നുണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. പത്മ പുരസ്കാരങ്ങൾക്കായി ഓരോ വർഷവും മന്ത്രിസഭാ ഉപസമിതി ശിപാർശ ചെയ്യുന്ന പട്ടിക മന്ത്രിസഭയുടെ അനുമതിയോടുകൂടിയാണ് കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുന്നത്.

(എഫ്) പത്മ പുരസ്കാരങ്ങൾക്കുള്ള ശിപാർശയ്ക്ക് നിയമസഭയുടെ അംഗീകാരം വാങ്ങണമെന്ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നില്ല

(ജി) ഓരോ വർഷവും പത്മ പുരസ്കാരങ്ങൾക്കുള്ള നോമിനേഷനുകൾ സമർപ്പിക്കുന്നതിനായി ഗ്രാമവികസന സാംസ്കാരിക വകുപ്പുമന്ത്രി കൺവീനറായി സെർച്ച് കമ്മിറ്റി (മന്ത്രിസഭാ ഉപസമിതി) രൂപീകരിക്കുകയും പ്രസ്തുത സെർച്ച് കമ്മിറ്റി യോഗം കൂടി ശിപാർശ ചെയ്യുന്ന വ്യക്തികളുടെ പേരുകൾ അടങ്ങുന്ന പട്ടിക മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയമാണ് പത്മപുരസ്കാരങ്ങൾക്ക് അർഹരായവരെ നിശ്ചയിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly